## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 8218 — 17.07.2014 ൽ മറുപടിക്ക്.

### ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അനുവദനീയ അവധികളോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടുവോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാരെ പ്രത്യേകിച്ച് വസ്ത്രക്കടകളിൽ സാധനങ്ങൾ വാങ്ങാൻ ആൾക്കാരില്ലാത്തപ്പോഴും ഇരിക്കാൻ അനുവദിക്കാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) അതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം; | (സി) സംസ്ഥാനത്തെ മാളുകളിലും മറ്റ് തൊഴിൽ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇരിപ്പിടവും മറ്റ് അടിസ്ഥാന സൗകര്യവും ലഭ്യമാക്കുക, അർഹതപ്പെട്ട ആഴ്ച അവധി, ഓവർ ടൈം |

ഇവ ലഭിക്കുന്നുണ്ടോ എന്ന് അന്വേഷിച്ച് ബോധ്യപ്പെടുത്തുക. തൊഴിൽ നിയമങ്ങൾ ലംഘിക്കുന്ന തൊഴിലുടമകൾക്കുമേൽ നിയമനടപടികൾ സ്വീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് മനുഷ്യാവകാശ കമ്മീഷൻ നൽകിയിട്ടുള്ളത്.

| | |
|---|---|
| (ഡി) അതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു;<br><br>(ഇ) പ്രസ്തുത ജോലിക്കാർക്ക് ഇരിക്കാനുള്ള സൗകര്യം സ്ഥാപനങ്ങൾ ചെയ്തു കൊടുക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ? | (ഡി) & (ഇ) അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാന വ്യാപകമായി 1906 ടെക്സ്റ്റയിൽഷോപ്പുകളിൽ സ്ക്വാഡ് പരിശോധനകൾ നടത്തി തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കുകയും പരിശോധനയെ തുടർന്ന് നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം നടത്തിയതായി കണ്ടെത്തിയ തൊഴിലുടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.